പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3999 12.12.2018 ൽ മറുപടിക്ക്

## കടമക്കുടി-പിഴല ദ്വീപിലെ പ്രൈമറി ഹെൽത്ത് സെന്റർ

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|
| വൈപ്പിൻ മണ്ഡലത്തിലെ ദ്വീപസമൂഹമായ കടമക്കുടി-പിഴല ദ്വീപിലെ പ്രൈമറി ഹെൽത്ത് സെന്ററിന് പ്രത്യേക പരിഗണന നൽകി ഫാമിലി ഹെൽത്ത് സെന്ററായി ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഇത്തരത്തിൽ ആർദ്രം പദ്ധതി പൂർണ്ണതോതിൽ നടപ്പിൽ വരുത്തുന്നതോടെ കടമക്കുടി-പിഴല ദ്വീപിലെ പ്രൈമറി ഹെൽത്ത് സെന്ററിലെ എല്ലാ സൗകര്യങ്ങളും മെച്ചപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ